# 13 -ാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 3943 24/06/2014 - ൽ മറുപടിയ്ക്ക്**

**പട്ടികവർഗ്ഗ യുവതികൾക്ക് ഓട്ടോറിക്ഷ വാങ്ങി നൽകുന്ന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. പി. സജീന്ദ്രൻ<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ<br>ശ്രീ. ജോസഫ് വാഴക്കൻ<br>ശ്രീ. വി. ഡി. സതീശൻ | | കുമാരി. പി. കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ച ബംഗ്ലാവുകളും മൃഗശാലകളും വകുപ്പു മന്ത്രി) | |
| (എ) | തൊഴിൽ രഹിതരായ പട്ടികവർഗ്ഗ യുവതികൾക്ക് ഓട്ടോറിക്ഷ വാങ്ങി നൽകുന്ന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ ; | (എ) | ഉണ്ട്.<br>സംസ്ഥാനത്തെതൊഴിൽ രഹിതരായ 500 പട്ടികവർഗ്ഗ യുവതികൾക്ക് സ്ഥിര വരുമാനം നേടിക്കൊടുക്കുക എന്ന ലക്ഷ്യത്തോടെഓട്ടോറിക്ഷ ഡ്രൈവിംഗ് പരിശീലനം നൽകി സൗജന്യമായി ഓട്ടോറിക്ഷകൾ വാങ്ങി നൽകുന്നതിനുള്ള പദ്ധതി സംസ്ഥാനത്ത് നടപ്പാക്കി വരുന്നു. 2013-14 വർഷം പദ്ധതി നടത്തിപ്പിനായി 6.79 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി വഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) | പട്ടികവർഗ്ഗ യുവതികൾക്ക് സ്വയം തൊഴിൽ നേടിക്കൊടുക്കുന്നതോടൊപ്പം ഒരു സ്ഥിര വരുമാനം ഉറപ്പാക്കി അവരെ ശാക്തീകരിക്കുക എന്നതാണ് പദ്ധതിയുടെ പ്രധാനപ്പെട്ട ലക്ഷ്യം |

| | | | |
|---|---|---|---|
| (സി) | പട്ടികജാതിക്കാരായ സ്ത്രീകളുടെ ശാക്തീകരണത്തിന് പദ്ധതി എത്രമാത്രം ഗുണകരമാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്; വിശദമാക്കുമോ ; | (സി) | പട്ടികജാതിക്കാരായ സ്ത്രീകളുടെ ശാക്തീകരണം ഈ പദ്ധതി കൊണ്ട് ലക്ഷ്യമിടുന്നില്ല. |
| (ഡി) | പദ്ധതി നടപ്പാക്കുന്നതിന് ഭരണതല ത്തിൽ എന്തെല്ലം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ? | (ഡി) | പദ്ധതിയുടെ വിജയത്തിനാവശ്യമായ എല്ലാ നടപടികളും ഭരണതലത്തിൽ സ്വീകരിച്ചിട്ടുണ്ട്.<br><br>**<u>വിശദാംശങ്ങൾ</u>**<br><br>1. സംസ്ഥാനത്തെ തൊഴിൽ രഹിത രായ 500 പട്ടികവർഗ്ഗ യുവതികളെ തെരഞ്ഞെടുത്തു.<br>2. ഇവർക്ക് സൗജന്യമായി ഡ്രൈവിംഗ് പരിശീലനം നൽകി<br>3. ഈ പദ്ധതിയുടെ സംസ്ഥാനതല ഉത്ഘാടനം 28.05.14 – ന് തിരുവനന്തപുരത്ത് നടന്നു.<br>4. ജില്ലാതലത്തിൽ ഓട്ടോറിക്ഷ വിതരണം നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ